# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## മദ്യത്തിനും, പുകവലിക്കും അടിമപ്പെട്ടവർക്കു വേണ്ടിയുള്ള പ്രാർത്ഥന-Smoking, Alcohol




### മദ്യത്തിനും, പുകവലിക്കും അടിമപ്പെട്ടവർക്കു വേണ്ടിയുള്ള പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ! പ്രത്യാശാപൂർവ്വം അങ്ങേ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്ന ഈ വ്യക്തിയെ മദ്യപാനത്തിന്റേയും പുകവലിയുടേയും ആസക്തിയിൽനിന്നും മോചിപ്പിക്കേണമേ. മദ്യപാനത്താലും പുകവലിയാലും അങ്ങയോടും കുടുംബത്തോടും സമൂഹത്തോടും അയാളോടുതന്നെയും ചെയ്യുന്ന ദ്രോഹം അയാളോട് ക്ഷമിക്കണമേ. മേലിൽ ഒരിക്കലും ഈ ദുശ്ശീലങ്ങൾക്ക് അടിമപ്പെടാതിരിക്കുവാനുള്ള ആത്മബലം ഈ മകനു കൊടുക്കണമേ. ഈ ദുശ്ശീലങ്ങൾ മൂലമുണ്ടാകുന്ന ശാരീരികരോഗങ്ങളും മാനസിക തകർച്ചകളും സുഖപ്പെടുത്തണമേ. പരിശുദ്ധാത്മാവിനാൽ നിറച്ച് ഈ വ്യക്തിയെ ഒരു പുതിയ സൃഷ്ടിയാക്കി രൂപാന്തപ്പെടുത്തണമേ. യേശുവേ നന്ദി, യേശുവേ സ്തോത്രം ഹല്ലേലൂയ്യ.....

### തിരുവചനം

യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാത്തിയാ 5:24)

അതിനാൽ നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ (അപ്പ പ്രവർത്തനങ്ങൾ 3:19).

എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗ്ഗങ്ങളിൽനിന്ന് പിൻതിരിയുകയും ചെയ്താൽ ഞാൻ സ്വർഗത്തിൽനിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും (2 ദിനവൃത്താന്തം 7:14).

+++